**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1282</u>** **<u>19-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് ഹംപ് നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി ഹംപ് നിർമ്മാണം ഏർപ്പെടുത്തുന്നത് വിലക്കിയിട്ടുണ്ടോ; എങ്കിൽ സ്പീഡ് നിയന്ത്രിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ശാസ്ത്രീയമായ ഹംപ് നിർമ്മാണം IRC പ്രകാരം അനുവദനീയമാണ്. റംബിൾ സ്ട്രിപ്പുകൾ, റോഡ് മാർക്കിംങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, സ്പീഡ് ലിമിറ്റ് സൂചിപ്പിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകൾ എന്നിവ സ്പീഡ് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളായി ഏർപ്പെടുത്തി വരുന്നു. |
| (ബി) | സ്ഥിരമായി അപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വേഗത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | റോഡ് ഡിസൈൻ ചെയ്ത ഡിസൈൻ സ്പീഡിൽ സഞ്ചരിക്കുവാൻ സാധ്യമാകാത്ത ഇടങ്ങളിൽ വേഗത നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സാധിക്കും. പോലീസ്, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ, റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ചുമതലപ്പെട്ടവരാണ്.<br>IRC Guide line നം, MORTH Specification അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് വേഗത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ